"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - 30-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പിനായി 2025-26 ലെ ബഡ്ജറ്റിൽ പദ്ധതിയേതരയിനമായി വകയിരുത്തിയിട്ടുള്ള തുക അനുവദിച്ചും പ്രസ്തുത തുക റിലീസ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.707/2025/CLAD തീയതി,തിരുവനന്തപുരം, 02-12-2025

---

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 07.11.2025-ലെ കെ.എസ്.സി.എ/എഫ്./674/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന് വേണ്ടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2025 ഡിസംബർ 12 മുതൽ 19 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 30-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ സുഗമമായ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ വകയിരുത്തിയിരിക്കുന്ന 66,15,000/- രൂപ ഉൾപ്പെടെ പരമാവധി തുക അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 2025 ഡിസംബർ 12 മുതൽ 19 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന, 30-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷം "2205-00-102-75- International Film Festival – Kerala (N)(V) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 66,15,000/- രൂപ (അറുപത്തിയാറു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയ്ക്ക് അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈനായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് ട്രഷറി സേവിംഗ്സ് ബങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി, സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതും, തുക കൈപ്പറ്റി 3 മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ്

സംസ്ഥാന അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷനും സമർപ്പിക്കേണ്ടതുമാണ്. കൂടാതെ **04.01.2021** ലെ സർക്കുലർ നം.**1/2021/Fin** ലെ നിബന്ധന പ്രകാരം **STSB** അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. തുക പിൻവലിക്കുന്നത് ഫണ്ട് റിലീസിംഗ് സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

അദ്ധ്യക്ഷൻ , സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്
ധനകാര്യവകുപ്പ് (**E.3333946/EDN-D2/64/2025-FIN** തീയതി, **01.12.2025** പ്രകാരം)
പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Renju. A. R
Date: 02.12.2025 17:20:47

സെക്ഷൻ ഓഫീസർ